കേരള സർക്കാർ

സംഗ്രഹം

**തദ്ദേശസ്വയംഭരണ വകുപ്പ് - സർക്കാർ പ്രൈമറി സ്കൂളുകൾക്ക് ഐ.ടി ഉപകരണങ്ങൾ വാങ്ങി നൽകുന്നത് -ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

## തദ്ദേശസ്വയംഭരണ (ഡിബി) വകുപ്പ്

**സ.ഉ (സാധാ)നം:801/2012/തസ്വഭവ തിരുവനന്തപുരം, തീയതി: 19/3/2012**

---

**പരാമർശം:- 1. 22/2/12-ാം തീയതിയിലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 2.13-ാം നമ്പർ തീരുമാനം**

**2. 06/3/12-ലെ സ.ഉ(സാധാ)നം.679/12/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്.**

## ഉത്തരവ്

പരാമർശത്തിലെ സർക്കാർ ഉത്തരവ് പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ പുറപ്പെടുവിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ച് സർക്കാർ അപ്പർ പ്രൈമറി സ്കൂളുകൾക്ക് പരമാവധി 1,85,000/- ( ഒരു ലക്ഷത്തി എൺപത്തയ്യായിരം) രൂപയിലും സർക്കാർ ലോവർ പ്രൈമറി സ്കൂളുകൾക്ക് 1,35,000/- (ഒരു ലക്ഷത്തി മുപ്പത്തയ്യായിരം) രൂപയിലും അധികമാകാത്ത തുകയ്ക്ക് ഐ.ടി ഉപകരണങ്ങൾ വാങ്ങി നൽകുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രസ്തുത ഉപകരണങ്ങൾ വാങ്ങുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർ പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രോജക്റ്റ് തയ്യാറാക്കി ഉപകരണങ്ങൾ വാങ്ങേണ്ടതും അതിനുശേഷം ജില്ലാ ആസൂത്രണ സമിതിയുടെ സാധൂകരണം വാങ്ങേണ്ടതുമാണ്. പദ്ധതി വിഹിതത്തിൽ ചെലവഴിക്കാൻ സാധിക്കാതെ നീക്കിയിരിപ്പുള്ള തുകയിൽ നിന്നും ഇതിനുള്ള വിഹിതം കണ്ടെത്തേണ്ടതാണ്. ഈ ഇനത്തിലുള്ള ചെലവ് മേഖലാ വിഭജനത്തിൽപ്പെടാത്ത ചെലവായി കണക്കാക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**ജെയിംസ് വർഗ്ഗീസ്**

**അഡീഷണൽ സെക്രട്ടറി**

**പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം**
**നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം**
**പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം**
**എല്ലാപഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)**
**എല്ലാ നഗരസഭാസെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖാന്തിരം)**
**പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ & ഇ) തിരുവനന്തപുരം**
**അക്കൗണ്ടന്റ് ജനറൽ, (LBA&A), തിരുവനന്തപുരം**
**എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)**
**പൊതുവിദ്യാഭ്യാസ വകുപ്പ്**
**തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**കരുതൽ ഫയൽ/ഓഫീസ് കോപ്പി.**

**ഉത്തരവിൻ പ്രകാരം**

Sd/-

**സെക്ഷൻ ഓഫീസർ.**